# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3251 25/06/2012 ലെ മറുപടിയ്ക്ക്**

**സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് വി.ആർ.എസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി | ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി |
| (എ) | സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് വി.ആർ.എസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് പറയാമോ? | സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് വി.ആർ.എസ് അനുവദിക്കുന്നത് കെ.എസ്.ആർ ഭാഗം മൂന്ന് ചട്ടം 56 ലെ വ്യവസ്ഥകൾക്കു വിധേയമായാണ്.<br>i. വി.ആർ എസ് ൽ വിരമിക്കുവാൻ ആഗ്രഹിക്കുന്ന ജീവനക്കാരന് 20 വർഷം യോഗ്യ സേവനകാലം അക്കൗണ്ടന്റ് ജനറലിൻെറ കണക്ക് പ്രകാരം ഉണ്ടായിരിക്കണം.<br>ii. സേവനത്തിൽ നിന്നും വിരമിക്കാൻ ആഗ്രഹിക്കുന്ന തീയതിക്ക് കുറഞ്ഞ പക്ഷം മൂന്നുമാസം മുമ്പെങ്കിലും അധികാരികൾക്ക് അപേക്ഷ നൽകിയിരിക്കണം.<br>iii. പ്രസ്തുത ജീവനക്കാരനെതിരെ അച്ചടക്ക നടപടിയൊന്നും നിലവിൽ ഉണ്ടായിരിക്കാൻ പാടില്ല. |
| (ബി) | വി.ആർ.എസ് എടുക്കുന്ന ജീവനക്കാരന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | വി. ആർ എസിൽ വിരമിക്കുന്ന വ്യക്തിക്ക് ലഭ്യമായ യോഗ്യ സേവനകാലത്തിനൊപ്പം ചട്ടത്തിനനുസൃതമായി പരമാവധി 5 വർഷം വരെ സർവ്വീസ് വെയിറ്റേജ് അനുവദിക്കും. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വി.ആർ.എസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ? | കെ.എസ്.ആർ ബാധകമാക്കിയിട്ടുള്ള പൊതുമേഖലാസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് മുകളിൽ ചോദ്യം എ പിരിവിലെ മാനദണ്ഡങ്ങൾ ബാധകമാണ്. മറ്റുള്ളവർക്ക് അതാതു സ്ഥാപനത്തിലെ സേവന വേതന ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ് വി.ആർ.എസ് അനുവദിക്കുന്നത്. |

| | | |
|---|---|---|
| (ഡി) | വി.ആർ.എസ് നൽകുന്ന തസ്തികയിലേക്ക് അടിയന്തിരമായി പ്രമോഷനും നിയമനവും നൽകാറുണ്ടോ; എങ്കിൽ ഇവ കാലതാമസം കൂടാതെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | ഉണ്ട് |

സെക്ഷൻ ഓഫീസർ